# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 4011

21-10-2016 ൽ മറുപടിയ്ക്ക്

### തീരദേശ കപ്പൽ ഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി.അബ്ദുൽ റസാക്ക് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തുറമുഖങ്ങളെ ബന്ധിപ്പിച്ചാണ് ഈ സൗകര്യം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കേരള സംസ്ഥാനത്തെ തീരദേശ വികസനം ലക്ഷ്യം വെച്ച് കൊണ്ടാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ, പൊന്നാനി, ബേപ്പൂർ എന്നീ തുറമുഖങ്ങളെ കടൽ മാർഗ്ഗം ബന്ധിപ്പിച്ച് തിരദേശ കപ്പൽ ഗതാഗതം നടപ്പിലാക്കാനാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ബി) ടൂറിസം വികസനത്തിന് തീരദേശ കപ്പൽ സർവ്വീസ് ഉപയോഗപ്പെടുത്താൻ ഉദ്ദേശമുണ്ടോ ; | (ബി) ടൂറിസം വികസനത്തിന് തീരദേശ യാത്രാകപ്പൽ സർവ്വീസ് ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) എങ്കിൽ കാസർഗോഡിനേയും, തെക്കേയറ്റത്തെ പൂവാറിനെയും ബന്ധപ്പെടുത്തി കപ്പൽ സർവ്വീസ് ആരംഭിക്കുമോ ? | (സി) കൊച്ചി-കോഴിക്കോട്-കണ്ണൂർ മേഖലയിൽ തുടങ്ങുന്ന യാത്രാ കപ്പൽ സർവ്വീസ് പടിപടിയായി കേരള തീരത്ത് കാസർഗോഡ് മുതൽ വിഴിഞ്ഞം വരെ വ്യാപിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ